Anshika
9F

**A**

# സമഗ്ര ശിക്ഷാ, കേരളം

**902**

## പാദവാർഷിക ആത്യന്തികവിലയിരുത്തൽ 2025-26

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 9

സമയം : 1 ½ മണിക്കൂർ

ആകെ സ്കോർ : 40

---

**നിർദേശങ്ങൾ**

- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കാനും ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കണം.
- ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവം വായിച്ച് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം. A അല്ലെങ്കിൽ B എന്ന തരത്തിലുള്ള ചോദ്യങ്ങളിൽ, ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരമെഴുതിയാൽ മതി.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

---

**1 മുതൽ 4 വരെ ചോദ്യങ്ങളുടെ ഉത്തരം തിരഞ്ഞെടുത്തെഴുതുക. (1 സ്കോർ വീതം)**

**(4 × 1 = 4)**

**1.** “പുറത്ത് ആനയുടെ ശബ്ദം കേൾക്കുന്നു. ചൂര് നോക്കുമ്പോൾ ഇവിടെയുള്ള ആനയല്ല എന്നാണ് തോന്നുന്നത്.” (ആനഡോക്ടർ)

ഡോ. കെ.യുടെ എന്തു പ്രത്യേകതയാണ് ഈ വാക്യത്തിൽ തെളിയുന്നത്?

- **A** വന്യമൃഗങ്ങളോടുള്ള ഭയം
- **B** കാടിന്റെയോരത്ത് ജീവിക്കാനുള്ള താൽപര്യമില്ലായ്മ
- **C** പ്രകൃതിയോടും ജീവജാലങ്ങളോടുമുള്ള ആത്മബന്ധം
- **D** ആനകളെക്കുറിച്ചുള്ള അറിവില്ലായ്മ

**2.** “ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,
ചോദിക്കുന്നു നീർ നാവുവരണ്ടഹോ.” (സുകൃതഹാരങ്ങൾ)

ബുദ്ധഭിക്ഷുവിന്റെ വാക്കുകളിൽ തെളിയുന്നതെന്ത്?

- **A** ഉന്നതമായ മാനവികതാബോധം
- **B** ദാഹം പെരുകിയപ്പോൾ ജാതി മറക്കുന്നു
- **C** ജാത്യാചാരങ്ങൾ പാലിക്കണമെന്ന നിർബന്ധം
- **D** സാഹോദര്യബോധമില്ലായ്മ

**3.** വിഗ്രഹിച്ചെഴുതിയവയിൽ ശരിയായത് ഏത്?

- **A** പുരപ്പുറം - പുരയുള്ള പുറം
- **B** ഓലമേഞ്ഞ - ഓലകൊണ്ടു മേഞ്ഞ
- **C** മനുഷ്യകുലം - മനുഷ്യരും കുലവും
- **D** ജീവജാലം - ജീവിയിലുള്ള ജാലം

4. "മുറിച്ചുതള്ളിപ്പലക പിടിപ്പിൻ !
വാങ്ങി ഞാനതിനച്ചാരം" (പുളിമാവു വെട്ടി)

ഈ വരികളുടെ ആശയത്തിനു യോജിച്ചതേത്?

A പ്രകൃതിയോടുള്ള സ്നേഹം

B പണത്തോടുള്ള ആർത്തി

C മരം മുറിക്കുന്നതിലുള്ള സങ്കടം

D അച്ചാരം കുറഞ്ഞുപോയതിലെ അതൃപ്തി

**ചുവടെ നൽകിയ ചോദ്യത്തിന് രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. (2 സ്കോർ)**

**(1 × 2 = 2)**

5. (A) അർഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളായി മാറ്റിയെഴുതുക.

പ്രകൃതിയെ തന്റെ സൗകര്യാർഥം സ്വന്തം നിർമ്മിതികളിലൂടെ മാറ്റിത്തീർത്താണ് മനുഷ്യൻ അവന്റെ ഭൗതികസൗകര്യങ്ങൾ വർധിപ്പിച്ചത്.

**അല്ലെങ്കിൽ**

(B) "വൃദ്ധ ചിതറിക്കിടക്കുന്ന വെണ്ടയ്ക്കകളുടെ ഇടയിൽ, ആ തെരുവിൽ
ഒരു പൊളിഞ്ഞ പാവയെപ്പോലെ അങ്ങനെ കൊഴിഞ്ഞുകിടന്നു." (അമ്മ)

ഈ വാക്യത്തിൽ തെളിയുന്ന അമ്മയുടെ അവസ്ഥ കണ്ടെത്തിയെഴുതുക.

**6 മുതൽ 9 വരെ ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5 സ്കോർ വീതം)**

**(4 × 5 = 20)**

6. • "ഓമലേ, തരൂ തെല്ലെന്നതു കേട്ടൊ-
രാ മനോഹരിയമ്പരന്നോതിനാൾ:"

• "പാരം വിസ്മയമാർന്നു വിസ്ഫാരിത -
താരയായ്ത്തെല്ലു നിന്നു മൈക്കണ്ണിയാൾ." (സുകൃതഹാരങ്ങൾ)

മാതംഗിയുടെ വിസ്മയത്തിൽനിന്നും ആ കാലത്തെ സാമൂഹ്യവ്യവസ്ഥയെക്കുറിച്ച് ലഭിക്കുന്ന സൂചനകൾ എന്തൊക്കെ? വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

7. "എത്ര തുണികൾ അലക്കിക്കഴിഞ്ഞു! തന്റെ കൈകൾകൊണ്ട്. എത്ര ഊണുകൾ ഉണ്ടാക്കി ഊട്ടിക്കഴിഞ്ഞു! ഇനി ചെയ്യാൻ ബാക്കിയൊന്നുമില്ലെന്ന സ്ഥിതിയായി."

(അമ്മ)

കഥയിൽ അവതരിപ്പിക്കുന്നതുപോലുള്ള സ്ത്രീജീവിതാവസ്ഥകൾ ഇക്കാലത്തുമുണ്ടോ? നിങ്ങളുടെ അഭിപ്രായം യുക്തിപൂർവം സമർഥിക്കുക.

8. (A) • "കിളിക്കു വേണ്ടതു കിളിക്കൂടെന്നു നാം
പറഞ്ഞു പറ്റിപ്പൂ കിളിയെ, നമ്മളെ!
കിളിക്കുണ്ടാകാശം കിളിക്കൂടായ്; അതി-
ലുറങ്ങുവാൻ വിടില്ലൊരു കിളിയെയും."

(അപരിഗ്രഹം)

- "ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും
  ബന്ധനം ബന്ധനം തന്നെ പാരിൽ."

  (വള്ളത്തോൾ)

| ബന്ധുരം - മനോഹരം, |
|---|
| കാഞ്ചനം - സ്വർണ്ണം |

രണ്ടു രചനാഭാഗങ്ങളിലെയും സ്വാതന്ത്ര്യസങ്കല്പം താരതമ്യം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

**അല്ലെങ്കിൽ**

**(B)** "പച്ചത്തണലും കൊത്തിയെടുത്തി-
ട്ടകലെപ്പാറിൻ പറവകളേ!
പട്ടയമാരും തന്നീലല്ലോ
നിങ്ങൾക്കിവിടെക്കുടിപാർക്കാൻ!"


(പുളിമാവു വെട്ടി)

"ഭൂഗോളം തന്നെ ഒട്ടധികഭാഗവും കഷണം കഷണമായി ഓരോരുത്തർ, അതായത് മനുഷ്യർ തീറുവാങ്ങിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ പക്ഷിമൃഗാദികൾ എന്തുചെയ്യും?"

(ഭൂമിയുടെ അവകാശികൾ)

തന്നിരിക്കുന്ന രചനാഭാഗങ്ങൾ വിശകലനം ചെയ്തു പ്രകൃതിയോടുള്ള സമീപനത്തിൽ നാം വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക

**9.**




കാർട്ടൂൺ: സചിത്രൻ പേരാമ്പ്ര

മുകളിൽ നൽകിയ കാർട്ടൂൺ വിശകലനം ചെയ്ത് "ലഹരിവിപത്തിനെതിരെ പോരാട്ടം" എന്ന ശീർഷകത്തിൽ കുറിപ്പ് തയ്യാറാക്കുക.

10, 11 ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (7 സ്കോർ വീതം)

(2 × 7 =14)

10. 'ഭൂമിയാകുന്നു നാം എന്നത് ഉന്നതമായ തിരിച്ചറിവാണ്. ഈ തിരിച്ചറിവ് ഇല്ലാത്തതാണ് മനുഷ്യരും പ്രകൃതിയും തമ്മിലുള്ള സംഘർഷങ്ങളുടെയും പാരിസ്ഥിതികനാശത്തിന്റെയും കാരണം.'

തന്നിരിക്കുന്ന പ്രസ്താവനയും ആനഡോക്ടർ, പുളിമാവു വെട്ടി എന്നീ രചനകളിലെ ആശയവും സമകാലികസംഭവങ്ങളും വിശകലനം ചെയ്ത് **പരസ്പരാശ്രിതത്വമാണ് നിലനിൽപ്പിന്നാധാരം** എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

11. (A) • "അവർ വെറുംനിലത്ത്, ഒരു പായകൂടി വിരിക്കാൻ മിനക്കെടാതെ കിടന്നു. കരിഞ്ഞ മരങ്ങളുടെ വേരുകൾ മണ്ണിൽനിന്ന് പിടിവിടുവിച്ചു മേല്പോട്ട് ഉയരുന്നതുപോലെ, ആ കൈവിരലുകൾ ഒരു നിശ്ചലതയോടെ മേല്പോട്ടു വളഞ്ഞു കിടക്കുന്നു."

(അമ്മ)

• വാർധക്യത്തിൽ നിസ്സഹായരായിത്തീരുന്ന മനുഷ്യരോടു സമൂഹത്തിനു ചില ഉത്തരവാദിത്വങ്ങളുണ്ട്.

പാഠഭാഗത്തിലെ ആശയവും തന്നിരിക്കുന്ന സൂചനയും അടിസ്ഥാനമാക്കി **കരുതലായവർക്ക് കാവലാകാം** എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.

**അല്ലെങ്കിൽ**

(B) ആശയം, ആസ്വാദനാംശങ്ങൾ, സമകാലിക പ്രസക്തി എന്നിവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

**കാക്ക**

"കൂരിരുട്ടിന്റെ കിടാത്തി,യെന്നാൽ
സൂര്യപ്രകാശത്തിനുറ്റ തോഴി,
ചീത്തകൾ കൊത്തി വലിക്കുകിലു-
മേറ്റവും വൃത്തിവെടുപ്പെഴുന്നോൾ,
കാക്ക നീ ഞങ്ങളെ സ്നേഹിക്കിലും
കാക്കണം സ്വാതന്ത്ര്യമെന്നറിവോൾ.
പൊന്നുപുലരിയുണർന്നെണീറ്റു
ചെന്നുകിഴക്കു തീ പൂട്ടിടുമ്പോൾ,
കാളുന്ന വാനത്തു നാളികേര-
പ്പൂളൊന്നു വാടിക്കിടന്നിടുമ്പോൾ,
മുത്തൊക്കുമത്താഴവറ്റു വാനിൻ
മുറ്റത്തു ചിന്നിയടിഞ്ഞിടുമ്പോൾ,
കേൾക്കാം പുളിമരക്കൊമ്പിൽനിന്നും
കാക്ക കരഞ്ഞിടും താരനാദം."

(വൈലോപ്പിള്ളി ശ്രീധരമേനോൻ)

| | |
|---|---|
| കിടാത്തി - | കൂട്ടുകാരി |
| താരനാദം - | ഉറക്കെയുള്ള ശബ്ദം |